# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :2431 — 07.02. 2019 ൽ മറുപടിക്ക്

## കെ.എസ്.ഇ.ബി.-ക്ക് കുടിശ്ശിക ഇനത്തിൽ കിട്ടാനുള്ള തുക

| ചോദ്യം<br>ശ്രീ.പാറക്കൽ അബ്ദുല്ല | ഉത്തരം<br>ശ്രീ.എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|
| (എ) 2018 മാർച്ച് 31-ലെ കണക്ക് പ്രകാരം വൻകിട സ്വകാര്യ കമ്പനികളിൽ നിന്നു മാത്രമായി കുടിശ്ശിക ഇനത്തിൽ 533 കോടി രൂപ കെ.എസ്.ഇ.ബി-ക്കു ലഭിക്കാനുണ്ടോ എന്നറിയിക്കാമോ: | (എ) 2018 മാർച്ച് 31 – ലെ കണക്കുപ്രകാരം വൻകിട സ്വകാര്യ കമ്പനികളിൽ (എച്ച്.റ്റി) നിന്നും കുടിശ്ശിക ഇനത്തിൽ 448.56 കോടി രൂപയാണ് കെ.എസ്.ഇ.ബി.എൽ -ന് പിരിഞ്ഞുകിട്ടാനുള്ളത്. |
| (ബി) പൊതുമേഖലാ സ്ഥാപനങ്ങളുടെ കുടിശ്ശിക ഇനത്തിലും കോടതി വ്യവഹാരങ്ങളിലുമായി 2400 കോടി രൂപ ലഭിക്കാനുണ്ടെന്ന റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ; | (ബി) എച്ച്.റ്റി/ഇ.എച്ച്.റ്റി വിഭാഗത്തിൽ കേന്ദ്ര പൊതുമേഖലയിൽ നിന്നും 34.44 കോടിയും, സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും 69.96 കോടി രൂപയും ഉൾപ്പെടെ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും 104.40 കോടി രൂപയാണ് 30-09-2018-ലെ കണക്കുപ്രകാരം കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിന് പിരിഞ്ഞു കിട്ടുവാനുള്ളത്.<br>എച്ച്.റ്റി ഇ.എച്ച്.റ്റി വിഭാഗത്തിൽ ഇതര ഗവൺമെന്റ് സ്ഥാപനങ്ങളിൽ നിന്നും 881.47 കോടി രൂപയാണ് കെ.എസ്.ഇ.-ബോർഡ് ലിമിറ്റഡിന് പിരിഞ്ഞു കിട്ടുവാനുള്ളത്. മേല്പറഞ്ഞ തുകയിൽ കോടതി വ്യവഹാരങ്ങളിൽപ്പെട്ട എച്ച്.റ്റി ഇ.എച്ച്.റ്റി വിഭാഗത്തിൽ ആകെ 56.37 കോടി (50.85 + 2.89+2.63) കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിന് പിരിഞ്ഞുകിട്ടുവാനുണ്ട്. ഇതു സംബന്ധിച്ച് കാറ്റഗറി തിരിച്ചുള്ള രേഖകൾ [30-09-2018 ലെ കണക്കുകളുടെ അടിസ്ഥാനത്തിൽ] അനുബന്ധമായി ചേർക്കുന്നു. |
| (സി) നഷ്ടത്തിൽപ്രവർത്തിക്കുന്ന വൈദ്യുതി ബോർഡ്, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് 35 കോടി രൂപ നൽകുകയുണ്ടായോ: | (സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് 36.20 കോടി രൂപ വൈദ്യുതി ബോർഡ് നൽകിയിട്ടുണ്ട്. |
| (ഡി) 2016-17-ൽ പുറമേ നിന്ന് വാങ്ങിയ വൈദ്യുതിയുടെ ശരാശരി വില 3.58 രൂപയായിരുന്നത് 2018-19-ൽ 3.18 രൂപയാ- | (ഡി) 2016-17 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിനുപുറത്തുനിന്നും വാങ്ങിയ വൈദ്യുതിയുടെ പ്രസരണ ചാർജ്ജ് ഉൾപ്പെടെയുള്ള കേരള പെരി-ഫെറിയിലുള്ള ശരാശരി വില 3.76 രൂപ ആയിരുന്നു. 2018-19 സാമ്പത്തിക വർഷത്തിൽ നവംബർ |

| | |
|---|---|
| യി കുറഞ്ഞിട്ടുണ്ടോ എന്ന് അറിയിക്കുമോ;<br><br>(ഇ) ഈ വർഷം കനത്ത മഴയിലൂടെ 200 കോടി യൂണിറ്റ് വൈദ്യുതിക്കുള്ള ജലം അധികം ലഭിച്ചുവെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;<br><br>(എഫ്) എങ്കിൽ ചാർജ്ജ് വർദ്ധിപ്പിക്കാനുള്ള കെ.എസ്. ഇ.ബി.യുടെ തീരുമാനത്തിന്റെ ന്യായികരണമെന്താണെന്ന് വ്യക്തമാക്കാമോ? | 2018 വരെയുള്ള യഥാർത്ഥ കണക്കെടുത്താൽ ഇത് 4.01 രൂപയായി വർദ്ധിച്ചിട്ടുണ്ട്.<br>(ഇ) ജൂൺ മുതൽ ഡിസംബർ 2018 വരെയുള്ള കണക്കുകൾ പ്രകാരം പ്രതീക്ഷിച്ചതിനെക്കാൾ 5053 ദശലക്ഷം യൂണിറ്റ് വൈദ്യുതി അധികമായി ഉൽപ്പാദിപ്പിക്കാനുള്ള വെള്ളം ഒഴുകിയെത്തിയിരുന്നു. എന്നിരുന്നാലും ഡാമുകൾ നിറഞ്ഞ് സ്പിൽവേയിലൂടെ ഈ കാലയളവിൽ 5652 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള വെള്ളം ഒഴുക്കികളയേണ്ടതായും വന്നു.<br>(എഫ്) കേരളത്തിൽ, പ്രതിവർഷം, ആവശ്യമായ വൈദ്യുതിയുടെ ഏകദേശം 25-30 ശതമാനം മാത്രമാണ്, വൈദ്യുതി ബോർഡിന്റെ സ്വന്തം നിലയങ്ങളിൽ നിന്നും ഉല്പാദിപ്പിക്കുവാൻ കഴിയുന്നത്. ബാക്കി ആവശ്യകത, കേന്ദ്രനിലയങ്ങളിൽ നിന്നും, കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരം സ്വകാര്യ ഉല്പാദകരിൽ നിന്നും വാങ്ങിയാണ് നിറവേറ്റുന്നത്. ഇപ്രകാരം വൈദ്യുതി വാങ്ങുന്നതിന് മൊത്തം ചെലവിന്റെ 56-60 ശതമാനം തുക വേണ്ടി വരുന്നു. അധികമഴയുടെ ലഭ്യത കൊണ്ട് വൈദ്യുതി വാങ്ങൽ ചെലവ് പൂർണ്ണമായും ഒഴിവാക്കാൻ കഴിയില്ല.<br><br>റെഗുലേറ്ററി കമ്മീഷൻ, വൈദ്യുതി നിരക്ക് പുതുക്കുന്നത് വൈദ്യുതിയുടെ ഉല്പാദന വാങ്ങൽച്ചെലവുകൾക്കു പുറമേ പ്രവർത്തന പരിപാലന ചെലവുകൾ, സാമ്പത്തിക പലിശ ചെലവുകൾ, മൂലധന ഓഹരിയുടെ മടക്ക വിഹിതം, തുടങ്ങിയ മൊത്തം ചെലവുകളും നിലവിലുള്ള മൊത്തം വരുമാനവും തമ്മിലുള്ള അന്തരം പരിഗണിച്ചു കൊണ്ടാണ്. അപ്രകാരം കണക്കാക്കുമ്പോൾ, ഈ സാമ്പത്തികവർഷം തൊട്ട് നാലു വർഷത്തേയ്ക്ക്, യഥാക്രമം 1100.70 കോടി, 1399.05 കോടി, 2065.28 കോടി, 2518.92 കോടി വീതം രൂപ വരുമാന കമ്മി ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. കൂടാതെ മുൻവർഷങ്ങളിൽ താരിഫ് വർദ്ധനവ് ഒഴിവാക്കി വർദ്ധനവ് മിതമാക്കുന്നതിനായി നീക്കി വച്ചിരുന്ന തുക ഉദ്ദേശം 5645 കോടി രൂപയായിരുന്നു. ഈ റഗുലേറ്ററി അസറ്റിന്റെ ഒരു വിഹിതവും കൂടി കണക്കിലെടുത്താണ് മേൽപ്പറഞ്ഞ വരുമാനകമ്മി കണക്കാക്കായിരിക്കുന്നത്. ഈ സാമ്പത്തിക വിടവുകൾ ഭാഗികമായെങ്കിലും നികത്തേണ്ടുന്നത് കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിന്റെ സാമ്പത്തികഭദ്രതയ്ക്ക് അനിവാര്യമാണ്. അതിനാലാണ് കെ.എസ്.ഇ.ബോർഡ് ലിമിറ്റഡ് നിരക്കു വർദ്ധനവിനു വേണ്ടി കമ്മീഷനെ സമീപിച്ചത്. |

സെക്ഷൻ ഓഫീസർ

# QUARTERLY ARREAR STATEMENT OF HT/EHT CONSUMERS AS ON 30.9.2018

## ABSTRACT

| Category | Closing Balance 09/2018 | Amount under Litigation 09/2018 | Balance after Litigation 09/2018 |
|---|---|---|---|
| CD | *429217* | *0* | *429217* |
| CPSU | *344472792* | *28922369* | *315550423* |
| CS | *196638519* | *26253604* | *170384915* |
| IS | *35754525* | *0* | *35754525* |
| KWA | *8272049134* | *0* | *8272049134* |
| LB | *882952* | *0* | *882952* |
| MI | *164659064* | *0* | *164659064* |
| SD | *124357850* | *0* | *124357850* |
| SDMI | *16656457* | *0* | *16656457* |
| SGB | *3176549* | *0* | *3176549* |
| SPSU | **699680109** | **508583836** | **191096273** |
| **Grand Total** | *9858757168* | *563759809* | *9294997359* |

985.87 -(34.44+69.96)= 881.47 Crores.

| | |
|---|---|
| CD | CENTRAL DEPARTMENT |
| CPP | CAPTIVE POWER PLANT |
| CPSU | CENTRAL PUBLIC SECTOR UNDERTAKING |
| CS | COOPERATIVE SECTOR |
| IS | INTER STATE |
| KWA | KERALA WATER AUTHORITY |
| LB | LOCAL BODY |
| LICENSEE | LICENCEE |
| MI | MINOR IRRIGATION |
| PVT | PRIVATE |
| SD | STATE DEPARTMENT |
| SDMI | STATE DEPARTMENT MEDICAL INSTITUITIONS |
| SGB | SELF GOVERNING BODIES |
| SPSU | STATE PUBLIC SECTOR UNDERTAKING |